നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2228 — 14-06-2019 ലെ മറുപടിക്ക്

**ചോദ്യം**

**ശ്രീ. പി.ജെ. ജോസഫ്**

**മറുപടി**

**ഡോ.ടി.എം.തോമസ് ഐസക്**
ബഹു.ധനകാര്യവും കയറും വകുപ്പു മന്ത്രി

## അയ്യായിരം കോടി രൂപയുടെ പാക്കേജ്

| | | |
|---|---|---|
| (എ) | ഇടുക്കി ജില്ലയ്ക്കായി അയ്യായിരം കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ടോ ; | സമഗ്രതല സ്പർശിയായ ഒരു മേഖല വികസന പരിപാടിയാണ് ഇടുക്കി പാക്കേജ്. ഇടുക്കി ജില്ലയിൽ മൂന്ന് വർഷത്തിനുള്ളിൽ നടപ്പാക്കേണ്ട 5000 കോടി രൂപയുടെ പാക്കേജാണിത്. സംസ്ഥാനവിഷ്കൃത പദ്ധതികൾ, കേന്ദ്രാവിഷ്കൃത പദ്ധതികൾ, തദ്ദേശഭരണ പദ്ധതികൾ, റീ-ബിൽഡ് കേരളാ ഇനിഷ്യേറ്റീവ്, കിഫ്ബി എന്നീ സ്രോതസ്സുകളിൽ നിന്ന് സ്കീമുകൾ സംയോജിപ്പിച്ചായിരിക്കും പാക്കേജിന് രൂപം നൽകുന്നത്. തേയിലയുടേയും കുരുമുളക്, ഏലം തുടങ്ങിയ സുഗന്ധവിളകളുടേയും, ചക്ക തുടങ്ങിയ പഴവർഗ്ഗങ്ങളുടേയും, പച്ചക്കറിയുടേയും ഉൽപ്പാദനവും ഉൽപ്പാദനക്ഷമത ഉയർത്തുന്നതിനും, ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനയും ലക്ഷ്യമിട്ടുകൊണ്ടുള്ള ഒരു വികസന തന്ത്രമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ക്ഷീരസാഗരം മാതൃകയിൽ കന്നുകാലി വളർത്തൽ സമഗ്ര പദ്ധതി ആരംഭിക്കുക, ബ്രഹ്മഗിരി മാതൃകയിൽ ഇറച്ചി സംസ്കരണ യൂണിറ്റ് സ്ഥാപിക്കുക, എല്ലാ കർഷകർക്കും സോയിൽ ഹെൽത്ത് കാർഡ് നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ ജൈവവളം, ജീവാണുവളം, കുമ്മായം, ഡോളമൈറ്റ് തുടങ്ങിയവ കാലവർഷം എത്തുന്നതിനുമുൻപ് തന്നെ ജില്ലയിലെ മുഴുവൻ കർഷകർക്കും ലഭ്യമാക്കുക, നീർത്തടാടിസ്ഥാനത്തിലുള്ള സമഗ്ര ഭൂവിനിയോഗാസൂത്രണം ജനകീയ പങ്കാളിത്തത്തോടെ നടപ്പാക്കുക, ടൂറിസം ക്ലസ്റ്ററുകളും സർക്യൂട്ടുകളും ആവിഷ്ക്കരിക്കുക, പ്രളയംമൂലവും മറ്റിടങ്ങളിൽ ഉരുൾപ്പൊട്ടൽമൂലവും വീടും സ്ഥലവും പൂർണ്ണമായും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കാൻ പ്രത്യേക തുക അനുവദിക്കുക, ഇടുക്കി മെഡിക്കൽ കോളേജിന്റെ അടുത്ത കെട്ടിടം പൂർത്തീകരിക്കുക മുതലായവ ഉൾക്കൊള്ളുന്നതാണ് ഈ പാക്കേജ്. |
| (ബി) | ഉണ്ടെങ്കിൽ ഏതൊക്കെ മേഖലകൾക്കാണ് തുക വിനിയോഗിക്കുന്നത്; | |

**അക്കൗണ്ട്സ് ഓഫീസർ**